**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീമതി സുബൈദ, പേങ്ങാട്ടിരി വീട്, പനമണ്ണ എന്നവർ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01/2024 തിയതിയിലെ തീരുമാനം

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024**

ശ്രീമതി സുബൈദ, പേങ്ങാട്ടിരി വീട്, പനമണ്ണ എന്നവർ നവകേരള സദസ് മുമ്പാകെ, താൻ നിർമിച്ച വീടിനു  അനങ്ങനടി ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു കെട്ടിടനമ്പർ അനുവദിച്ചിട്ടില്ലെന്നും, അത് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതി പരിശോധിച്ചു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. അപേക്ഷക പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ലെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അപേക്ഷക പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും, ആയത് പരിശോധിച്ച് കെട്ടിടനമ്പർ നൽകുന്നതിനുള്ള നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു. അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്

പകർപ്പ്: ശ്രീമതി സുബൈദ, പേങ്ങാട്ടിരി വീട്, പനമണ്ണ